DESPATCHED On..13/3/2020
28/1/20



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic. ker@nic.in

ഹർജി നമ്പർ **AP. 1890*(2)/2019*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 14849/*എസ്.ഐ.സി-ജി 6/2019*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.ഖാലിദ് മുണ്ടപ്പിള്ളി,
സോഷ്യൽ ആക്ടിവിസ്റ്റ്,
എടയപ്പുറം, ആലുവ – 683 101. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ഇൻഫർമേഷൻ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി ,
കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ഇൻഫർമേഷൻ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.08.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.08.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 04.09.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 27.09.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07.09.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല.<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ഖാലിദ് മുണ്ടപ്പിള്ളി 07.09.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ബന്ധപ്പെട്ട സെക്ഷനിലേക്ക് അപേക്ഷ കൈമാറിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമായതെന്നും എന്നാൽ ഏതു സെക്ഷനുകളാണെന്നോ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആരെന്നോ വ്യക്തമാക്കിയിട്ടില്ലായെന്നും എതിർകക്ഷികൾ ബോധപൂർവ്വം വിവരം ലഭ്യമാക്കാതെ ഇരിക്കുകയുമാണ് ചെയ്യുന്നതെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 19.08.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു.

i) ആലുവായിലെ നിലവിലുള്ള കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് കെട്ടിടം, പൊളിച്ച് പുനർ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തുക എത്രയായിരുന്നു.

ii) നിലവിലുണ്ടായിരുന്ന ബസ് സ്റ്റാന്റ് കെട്ടിടം പൊളിച്ചു മാറ്റുന്നതുൾപ്പെടെയാണോ കരാർ. അല്ലായെങ്കിൽ അതിന്റെ ചിലവ് കെ.എസ്.ആർ.ടി.സി യാണോ വഹിച്ചിട്ടുള്ളത്. ആണെങ്കിൽ അതിന്റെ ടെണ്ടർ സംഖ്യ എത്ര തുകയാണ്. ഏതു കമ്പനിയാണ് ടെണ്ടർ എടുത്തത്. ടെണ്ടർ നടപടികളുടെ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുക. ടി കെട്ടിടം പൊളിച്ച തീയതി, കാലവർഷം ആരംഭിച്ച സമയത്ത് ധൃതിപിടിച്ചു ജനങ്ങളെ പെരുവഴിയിലാക്കി കഷ്ടപ്പെടുത്തി ടി ബസ് സ്റ്റാന്റ് അടിയന്തിരമായി പൊളിയ്ക്കാനുള്ള കാരണം എന്താണ്.

iii) ടി ബസ് സ്റ്റാന്റ് പൊളിച്ചു മാറ്റി പുനർനിർമ്മാണം നടത്തുന്ന പദ്ധതിയുടെ ചെലവ് വഹിക്കുന്നത് കെ.എസ്.ആർ.ടി.സി യാണോ അതോ കേരള സർക്കാരാണോ എന്നതുമായി ബന്ധപ്പെട്ട 6 ഇനത്തിലായുള്ള ചോദ്യങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 24.10.2019 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 19.08.2019 ൽ സമർപ്പിച്ച

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് കെട്ടിടം പൊളിച്ച് പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ഒന്നും തന്നെ പ്രഥമ അപേക്ഷ സ്വീകരിച്ചിരുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കൈവശം ഉണ്ടായിരുന്നവയല്ലായെന്നും ആയതിനാലാണ് ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടിയാന് ലഭ്യമാക്കുവാൻ മുഖ്യകാര്യാലയത്തിലെ എസ്റ്റേറ്റ് വിഭാഗം പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് 23.08.2019 ൽ വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം കൈമാറുകയും ചെയ്തത്. എസ്റ്റേറ്റ് വിഭാഗം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പ്രസ്തുത ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് നിശ്ചിതസമയ പരിധിക്കകം നൽകുകയും ചെയ്തു. ടിയാൻ ആവശ്യപ്പെട്ട രേഖകൾക്കായി 28 /- രൂപ ഫീസ് അടയ്ക്കുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ചെയ്യാതെയാണ് വിവരാവകാശ നിയമം വകുപ്പ് 19(1) പ്രകാരം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ പരിഗണിച്ച് ഒരിക്കൽ കൂടി ടിയാൾ ആവശ്യപ്പെട്ട വിവരം നൽകുകയും രേഖകളുടെ പകർപ്പുകൾക്കായി ഫീസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തു. ടി മറുപടി പ്രകാരം ടിയാൻ ഫീസ് ഒടുക്കുകയും ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകുകയും ചെയ്തു എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും എതിർകക്ഷി ഹിയറിംഗ് സമയത്ത് സമർപ്പിച്ച 14.01.2020 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് ഹാജരായ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയ്ക്ക് ആധാരമായി പ്രസ്തുത ഓഫീസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ കൈപ്പറ്റ് രസീത് ടിയാന് നൽകിയിരുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണെന്ന് ഹിയറിംഗ് സമയത്ത് എതിർകക്ഷിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 23.08.2019 ൽ അപ്പീൽ ഹർജിക്കാരനു അയച്ചുകൊടുത്ത കത്ത് കൈപ്പറ്റ് രസീത് ആണെന്നും ടിയാൻ സമർപ്പിച്ച അപേക്ഷയിലെ മറുപടിയല്ലായെന്നും 21.01.2019 ൽ ടിയാനെ അറിയിക്കുകയും ചെയ്തുവെന്ന് 22.01.2020 ലെ കത്ത് പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 28–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

*JN*